**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 164** — **12-02-2024 - ൽ മറുപടിയ്ക്ക്**

**സി.എസ്.ഇ.പി. സംഘടിപ്പിച്ച സെമിനാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സെന്റർ ഫോർ സോഷ്യൽ ആന്റ് ഇക്കണോമിക് പ്രോഗ്രസ് (സി.എസ്.ഇ.പി.) സംഘടിപ്പിച്ച ഫിനാൻഷ്യൽ റിപ്പോർട്ടിംഗ് ഇൻ ഇന്ത്യ എന്ന സെമിനാറുമായി ബന്ധപ്പെട്ട് വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കുള്ള ധനവിഹിതം വെട്ടിക്കുറയ്ക്കുവാൻ പ്രധാനമന്ത്രി 14-ാം ധനകാര്യ കമ്മീഷനുമായി ചർച്ചകൾ നടത്തിയിരുന്നു എന്ന് സെന്റർ ഫോർ സോഷ്യൽ ആന്റ് ഇക്കണോമിക് പ്രോഗ്രസ് ഇന്ത്യയിലെ സാമ്പത്തിക റിപ്പോർട്ടിംഗിനെ കുറിച്ച് സംഘടിപ്പിച്ച സെമിനാറിൽ നീതി ആയോഗ് സി.ഇ.ഒ. പരാമർശം നടത്തിയതായുള്ള മാധ്യമ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 ജൂലൈ മാസത്തിൽ നടത്തിയ ഒരു സെമിനാറിലാണ് ഈ വെളിപ്പെടുത്തൽ ഉണ്ടായതെന്നാണ് വാർത്ത. |
| (ബി) | പ്രസ്തുത സെമിനാറിൽ നീതി ആയോഗ് സി.ഇ.ഒ. നടത്തിയ തുറന്ന് പറച്ചിൽ സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; | (ബി) | പ്രസ്തുത വാർത്ത ശരിയാണെങ്കിൽ ഭരണഘടനയിൽ വിഭാവനം ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്കായി വീതം വച്ച് നൽകേണ്ട നികുതി വിഹിതം കുറയ്ക്കണമെന്ന് ധനകാര്യ കമ്മീഷനോട് ആവശ്യപ്പെടുന്നത് അത്യന്തം ഗൗരവമേറിയ കാര്യമാണ്. സംസ്ഥാനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന കേന്ദ്ര നികുതിയിൽ നിന്നും സംസ്ഥാനങ്ങൾക്കായി വീതിച്ച നൽകേണ്ട വിഹിതം സംബന്ധിച്ച് സ്വതന്ത്രമായും നീതിയുക്തമായും വിവേചനരഹിതവുമായും തീരുമാനിക്കുന്നതിനായി ഭരണഘടനാ പ്രകാരം നിയമിക്കുന്ന ധനകാര്യ കമ്മീഷനുമേൽ ബാഹ്യ സമ്മർദ്ദം ചെലുത്തുന്ന സാഹചര്യം അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ഈ പ്രവൃത്തി ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള ഫെഡറൽ തത്ത്വങ്ങളുടെ അന്തസത്തയ്ക്ക് നിരക്കുന്നതല്ല. |
| (സി) | ധനകാര്യ കമ്മീഷനുമേൽ കേന്ദ്ര ഇടപെടൽ ഉണ്ടാകുകയും സംസ്ഥാനങ്ങളുടെ നികുതി വിഹിതം കുറയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തതായി | (സി) | പ്രസ്തുത വാർത്ത ശരിയാണെങ്കിൽ ഭരണഘടനയിൽ വിഭാവനം ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്കായി വീതം വച്ച് നൽകേണ്ട |

| | | | |
|---|---|---|---|
| | പറയപ്പെടുന്ന സംഭവം ഭരണഘടനാവിരുദ്ധവും ഫെഡറൽ സംവിധാനത്തിന് നിരക്കാത്തതുമാണെന്ന അഭിപ്രായം സർക്കാരിനുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | | നികുതി വിഹിതം കുറയ്ക്കണമെന്ന് ധനകാര്യ കമ്മീഷനോട് ആവശ്യപ്പെടുന്നത് അത്യന്തം ഗൗരവമേറിയ കാര്യമാണ്. സംസ്ഥാനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന കേന്ദ്ര നികുതിയിൽ നിന്നും സംസ്ഥാനങ്ങൾക്കായി വീതിച്ച് നൽകേണ്ട വിഹിതം സംബന്ധിച്ച് സ്വതന്ത്രമായും നീതിയുക്തമായും വിവേചനരഹിതവുമായും തീരുമാനിക്കുന്നതിനായി ഭരണഘടനാ പ്രകാരം നിയമിക്കുന്ന ധനകാര്യ കമ്മീഷനുമേൽ ബാഹ്യ സമ്മർദ്ദം ചെലുത്തുന്ന സാഹചര്യം അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ഈ പ്രവൃത്തി ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള ഫെഡറൽ തത്ത്വങ്ങളുടെ അന്തസത്തയ്ക്ക് നിരക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ